## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1791** 04.10.2011-ൽ മറുപടിക്ക്.

### റെയിൽവേ ലെവൽക്രോസും മേൽപ്പാലവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.എൻ.എ നെല്ലിക്കുന്ന്<br>ശ്രീ.സി. മോയിൻകുട്ടി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാവലില്ലാത്ത റെയിൽവേ ലവൽക്രോസുകളിൽ അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കാവലില്ലാത്ത റെയിൽവേ ലെവൽ ക്രോസുകളിൽ മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിക്കുവാൻ വേണ്ടിയും സ്ഥാപിച്ചവയിൽ ശരിയായ രീതിയിൽ ഡ്രൈവർമാർക്ക് കാണത്തക്കവിധം പരിപാലിക്കുവാനും വേണ്ടി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഡ്രൈവർമാർക്ക് നൽകുന്ന ബോധവൽക്കരണ ക്ലാസ്സുകളിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ലവൽക്രോസുകൾ പരമാവധി ഒഴിവാക്കുന്ന നയം സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) | ഇക്കാര്യം റയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണി നടന്നു വരുന്നുണ്ടെന്ന് വിശദമാക്കുമോ; | **(സി) യും (ഡി) യും**<br>വിവരം ശേഖരിച്ച് നൽകുന്നതാണ്. | |
| (ഡി) | സ്ഥലമെടുത്തു നല്കാത്തതുകൊണ്ട് പണി ആരംഭിക്കാത്ത റെയിൽവേ ഓവർബ്രിഡ്ജുകൾ എന്തെങ്കിലുമുണ്ടോ; | | |

| | | | |
|---|---|---|---|
| (ഇ) | റെയിൽവേ അധികൃതരുടെ നിഷേധാത്മക നിലപാടുമൂലം ഓവർബ്രിഡ്ജുകളുടെ പണി മുടങ്ങിക്കിടപ്പുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ.